111-2017

ഗവ: ജനറൽ ആശുപത്രി കോഴിക്കോട്

കോഴിക്കോട് ബീച്ച് പി.ഒ കോഴിക്കോട് 673032

GST NO:32AAAGS3328G1ZK

Phone: 0495 2365367 E-mail : gghkozhikode@gmail.com

ghkozhikode@gmail.com

നമ്പർ: GH-KKD/1476/2026-A3 തിയ്യതി : 09-11-2026

ടെണ്ടർ പരസ്യം

കോഴിക്കോട് ഗവ: ജനറൽ ആശുപത്രിയിലെ കോമ്പൗണ്ടിലെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന്റെ പാർക്കിംഗ് ഫീ ഈടാക്കുന്നതിന് ഏജൻസി മുഖാന്തിരം ചെയ്യുന്നതിന് മുദ്ര വച്ച ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

1. ടെണ്ടർ നമ്പറും തിയ്യതിയും : GH-KKD/1476/2026-A3, തിയ്യതി: 09-11-2026
2. ടെണ്ടർ ഫോറത്തിന്റെ വില : 800 രൂപ + GST 18%
3. ടെണ്ടർ ഫോറത്തിന്റെ പകർപ്പ് വില : 400 രൂപ + GST 18%
4. ടെണ്ടർ ഫോറം വിൽപ്പന ആരംഭിക്കുന്ന തിയ്യതി : 16/11/2026 രാവിലെ 11 മണി.
5. ടെണ്ടർ ഫോറം വിൽപ്പന അവസാനിക്കുന്ന തിയ്യതി : 03/12/2026 വൈകീട്ട് 3 മണി
6. ടെണ്ടർ ഫോറം സ്വീകരിക്കുന്ന അവസാന തിയ്യതി : 04/12/2026 ഉച്ചക്ക് 1 മണി
7. ടെണ്ടർ തുറക്കുന്ന തിയ്യതി : 04/12/2026 വൈകീട്ട് 3 മണി
8. നിരത ദ്രവ്യം : 4000/- രൂപ
9. അടങ്കൽ തുക : 4,00,000/- രൂപ
10. ടെണ്ടർ അയച്ചു കൊടുക്കേണ്ട ഉദ്യോഗസ്ഥന്റെ മേൽ വിലാസം : സൂപ്രണ്ട് ഗവ : ജനറൽ ആശുപത്രി കോഴിക്കോട്.

ടെണ്ടറുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിലെ പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ നിന്നും നേരിട്ട് ലഭിക്കുന്നതാണ്.

നിബന്ധനകൾ

1. ടെണ്ടർ ഫോറത്തിന്റെ വില TR5ൽ അടച്ച് അസ്സൽ രശീതിയും ടെണ്ടർ ഫോറത്തിനുള്ള അപേക്ഷയും ഹാജരാക്കുന്നവർക്ക് ദർഘാസ് ഫോറങ്ങൾ നൽകുന്നതാണ്.

2. ടെണ്ടർ ഫോറത്തിന്റെ വില അസ്സലിന് 800 രൂപ ജി.എസ്.ടി 18% പകർപ്പിന് 400 രൂപ ജി.എസ്.ടി 18% ആയിരിക്കും.
3. ടെണ്ടറിൽ പങ്കെടുക്കുന്നവർ നിരത ദ്രവ്യമായി 4000/- രൂപ കോഴിക്കോട് മാറാവുന്ന ഡിമാൻന്റ് ഡ്രാഫ്റ്റ്, കോഴിക്കോട് ഗവ ജനറൽ ആശുപത്രി സൂപ്രണ്ടിന്റെ പേരിലെടുത്ത് ടെണ്ടറിനൊപ്പം അടക്കം ചെയ്യേണ്ടതാണ്. അല്ലാത്ത ടെണ്ടറുകൾ നിരസിക്കുന്നതാണ്.
4. ടെണ്ടർ ഫോറം 16/11/2026 രാവിലെ 11 മണി മുതൽ വിൽപ്പന ആരംഭിക്കുകയും 03/11/2026 വൈകുന്നേരം 3.00 മണിക്ക് അവസാനിപ്പിക്കുകയും ചെയ്യുന്നതാണ്.
5. പൂർണ്ണ രൂപത്തിലുള്ള ടെണ്ടർ ഫോറം 04/12/2026 ഉച്ചക്ക് 1 മണി വരെ സ്വീകരിക്കുന്നതാണ്. വൈകി ലഭിക്കുന്ന ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
6. 04/12/2026 വൈകുന്നേരം 3.00 മണിക്ക് ഹാജരുള്ള ടെണ്ടർ സമർപ്പിച്ചവരുടെയോ അവർ ചുമതലപ്പെടുത്തിയവരുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതും , കൂടിയ തുക രേഖപ്പെടുത്തിയ ടെണ്ടർ സ്വീകരിക്കുന്നതുമാണ്.
7. ടെണ്ടറുകൾ അടക്കം ചെയ്ത കവറിന് പുറത്ത് "കോഴിക്കോട് ഗവ: ജനറൽ ആശുപത്രി കോമ്പൗണ്ടിലെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന്റെ പാർക്കിംഗ് ഫീ ഈടാക്കുന്നതിന് ഏജൻസി മുഖാന്തിരം ചെയ്യുന്നതിനുള്ള ടെണ്ടർ (GH-KKD/1476/2026-A3) "എന്ന് വ്യക്തമായി എഴുതി ടെണ്ടർ നൽകുന്ന വ്യക്തി സ്ഥാപനത്തിന്റെ പേരും മേൽവിലാസവും കവറിന്റെ ഇടത്ത് ഭാഗത്ത് രേഖപ്പെടുത്തി സൂപ്രണ്ട് ഗവ: ജനറൽ ആശുപത്രി കോഴിക്കോട് 673032 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.
8. ടെണ്ടറിനോടൊപ്പം 200 രൂപയുടെ മുദ്രപത്രത്തിൽ സൂപ്രണ്ട് ഒന്നാം കക്ഷിയായി പ്രാഥമിക ഉടമ്പടി എഴുതി ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്.
9. കാർ/ഓട്ടോ എന്നിവക്ക് 2 മണിക്കൂറിന് Rs. 20/- ഉം കൂടുതൽ വരുന്ന ഓരോ മണിക്കൂറിനും 10 രൂപയും , ബൈക്ക്/സ്കൂട്ടർ എന്നിവക്ക് 2 മണിക്കൂറിന് Rs. 10/- ഉം കൂടുതൽ വരുന്ന ഓരോ മണിക്കൂറിനും Rs 5/- എന്നീ പ്രകാരം മാത്രമേ പാർക്കിംഗ് ഫീ ഈടാക്കാൻ പാടുള്ളൂ.
10. ടെണ്ടർ ഉറപ്പിച്ച് കഴിഞ്ഞാൽ സെക്യൂരിറ്റി ഡിപ്പോസിറ്റ് ആയി ആറു മാസത്തെ വാടക തുക അഡ്വാൻസായി അടക്കേണ്ടതാണ്.
11. ടെണ്ടർ അംഗീകരിച്ചിട്ടുള്ള സ്ഥാപനം/ വ്യക്തികൾ സൂപ്രണ്ടുമായി ഉടമ്പടിയിൽ ഒപ്പിടേണ്ടതാണ്.
12. കാരണം കാണിക്കാതെ തന്നെ ടെണ്ടർ നിരസിക്കാനും ദുർബലപ്പെടുത്താനും ഉള്ള പൂർണ്ണ അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.
13. ടെണ്ടറിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ പ്രവർത്തി സമയത്ത് ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.
14. പുനർ ടെണ്ടറുമായി ബന്ധപ്പെട്ട സർക്കാർ പുറപ്പെടുവിച്ച എല്ലാ നിബന്ധകളും ഈ ടെണ്ടറിനും ബാധകമാണ്.
15. ടെണ്ടർ സമർപ്പിക്കുന്ന വ്യക്തിയുടെ ആധാർ കാർഡിന്റെ പകർപ്പ് ടെണ്ടറിൽ ഉള്ളടക്കം ചെയ്യേണ്ടതാണ് .

സൂപ്രണ്ട്
ഗവ.ജനറൽ ആശുപത്രി, കോഴിക്കോട്

To

നോട്ടീസ് ബോർഡ്.

Digitally signed by Sachinbabu K M Dr
Date: 09-11-2026 16:19:26

പകർപ്പ് :

1. The Director Public Relations Department, Thiruvananthapuram
   (5 copies with CL)

2. The Tahsildar, Taluk Office, Calicut (With CL)
3. The Superintendent, Medical College Hospital, Kozhikode
4. The Superintendent, IMCH , Kozhikode
5. The Superintendent, Govt. W& C Hospital, Kozhikode
6. The Secretary, Kozhikode corporation, Kozhikode.
7. The Secretary, District Panchayath, Kozhikode